വിജ്ഞാപനം വന്നത് 1994 ആഗസ്റ്റിലാണ്. അതുപ്രകാരം അക്വിസിഷൻ നടപടി ഔദ്യോഗികമായി തുടങ്ങി. ഭൂമി മുൻകൂട്ടി ഏറ്റെടുക്കുകയും എഫ്. സി. ഐ. ഫണ്ട് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരള ഗവൺമെന്റ് റവന്യൂ വിഭാഗം ഭൂവുടമകൾക്ക് തക്കതായ നഷ്ട പരിഹാരം കൊടുക്കുന്നതിന് അനാവശ്യമായ കാലതാമസം വരുത്തുകയാണ്. നോട്ടിഫിക്കേഷൻ വന്നിട്ടുതന്നെ രണ്ട് വർഷം കഴിഞ്ഞു. അക്വയർ ചെയ്യപ്പെടുന്ന 20 ഏക്കറോളം സ്ഥലം എൺപതോളം പേരുടേതാണ്. അതിൽ നാലോളം വീടുകളും മൂവായിരത്തോളം നല്ല തെങ്ങുകളുമുണ്ട്. ഗോഡൗൺ വരുന്നതുകൊണ്ട് തെങ്ങുകൾക്കൊക്കെ വേണ്ടത്ര പരിചരണം ലഭിക്കാതെ നാശത്തിലേക്ക് കാലുകുത്തിയിരിക്കുകയാണ്. നാല് കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രതിഫലം കിട്ടിയതിനുശേഷം വേണം മറെറാരു സങ്കേതം കണ്ടുപിടിക്കാൻ. വീണ്ടും മഴക്കാലം വന്നാൽ അവർക്ക് പെട്ടെന്ന് ഒരു താവളം കണ്ടെത്തുവാൻ വിഷമമായിരിക്കും. ലാൻറ് അക്വിസിഷൻ ഓഫീസിൽ നിന്നുള്ള അനാവശ്യ കാലതാമസമാണ് ഇതിൽ പ്രധാനമായി വന്നിട്ടുള്ളത്. പ്രാഥമിക നടപടികളൊക്കെ പൂർത്തിയായി കഴിഞ്ഞു. ഇനി സ്ഥലത്തിന്റെ വില നിശ്ചയിച്ച് തുക വിതരണം ചെയ്യുകയേ വേണ്ടൂ. എത്രയും വേഗം ഈ കാര്യത്തിൽ പരിഹാരം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഇതിന്റെ നോട്ടിഫിക്കേഷൻ വന്നത് 8-12-1995-ലാണ്. വളരെ വർഷങ്ങളായി എന്ന് പറയുന്നത് ശരിയല്ല. ഇതിന്റെ വിലവിവരപ്പട്ടിക തയ്യാറാക്കിയ ഉടനെതന്നെ നഷ്ടപരിഹാരതുക കൊടുക്കാൻ വേണ്ട നടപടികളും എടുക്കുന്നതാണ്. കോർപ്പറേഷൻ 30-3-1995-ൽ 60 ലക്ഷം രൂപ കെട്ടിവച്ചിട്ടുണ്ട്. ഇനി ഡീറയിൽഡ് ആയിട്ട് വിശദ വിലവിവരപ്പട്ടിക തയ്യാറാക്കി നഷ്ടപരിഹാരം കൊടുക്കാൻ കഴിയും. അത് ഒട്ടും താമസിക്കുകയില്ല ഉടനെ ചെയ്യാം.

[അദ്ധ്യക്ഷവേദിയിൽ മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ]

VIII റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന വനിതാ നയം

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ.കെ. ബാവ) : സർ, കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു വനിതാനയം അംഗീകരിച്ച് പ്രഖ്യാപിക്കുകയാണ്. വിവിധ ജനവിഭാഗങ്ങൾക്ക് സർക്കാർ ഏർപ്പെടുത്തുന്ന ക്ഷേമ കർമ്മ പരിപാടിയുടെ ഭാഗമായിട്ട് തന്നെയാണ് ഈ വനിതാ നയം ഗവൺമെന്റ് പ്രഖ്യാപിച്ചത്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ കരട് വിവിധ വനിതാ ജനപ്രതിനിധികളുമായും വനിതാ ക്ഷേമ പ്രവർത്തകരുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടാണ് ഗവൺമെന്റ് അംഗീകരിച്ചത്. ഈ നയം നടപ്പാക്കുന്നതിന് ഈ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും, മുഴുവൻ വനിതകളുടെയും, അധികൃതരുടെയുമൊക്കെ സഹായസഹകരണങ്ങൾ സർക്കാരിന് ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല ഈ നയം ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഈ സർക്കാരിനും, അതുപോലെ ഈ സഭയ്ക്കും നമ്മുടെ നാട്ടിലെ മുഴുവൻ ആളുകൾക്കും അഭിമാനിക്കാൻ വക നൽകുന്നതും സ്ത്രീ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളവും, സ്ത്രീകളെ സംബന്ധിച്ചിടത്തോളവും വലിയ പ്രതീക്ഷ ഉളവാക്കുന്നതുമാണ്. ഈ നയം ഞാൻ ഗവൺമെൻറിനുവേണ്ടി മേശപ്പുറത്ത് വയ്ക്കുന്നു.

IX റിപ്പോർട്ട് സമർപ്പണം

(1) ശ്രീമതി അൽഫോൺസാ ജോൺ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച് സമിതിയുടെ 3, 4, 5 എന്നീ റിപ്പോർട്ടുകൾ ചെയർപേഴ്സനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(2) ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, പരിസ്ഥിതി കമ്മിറ്റിയുടെ 8-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) ശ്രീ. കെ. പ്രകാശ് ബാബു : സർ, ഗവൺമെൻറ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

X ധനകാര്യം

1996-97 സാമ്പത്തിക വർഷത്തേക്കുള്ള ഇടക്കാല ബഡ്ജറിൻമേലുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ. എം. പി. താമി : സർ, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പത്മരാജൻ ഈ സഭയിൽ അവതരിപ്പിച്ച 1996-97 വർഷത്തേക്കുള്ള ഇടക്കാല ബഡ്ജറിനെ ഞാൻ സ്വാഗതം ചെയ്യുന്നു. 1987-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ മുന്നണി ഗവൺമെൻറ് നാല് കൊല്ലം ഭരിച്ച് ഈ രാജ്യത്തിൻറെ സമ്പത്ഘടന തകർത്ത് ക്രമസമാധാനനില താറുമാറാക്കിയ, സമാധാനപരമായ അന്തരീക്ഷത്തെ തകർത്ത് ഛിന്നഭിന്നമാക്കിയ, സാമൂഹ്യവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ശൂന്യമായ ഖജനാവുമായിട്ടാണ്, 100 കോടി രൂപയുടെ കടബാദ്ധ്യതയുമായിട്ടാണ് 1991-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നത്. ക്രമപ്രവർത്തനമായി നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനംകൊണ്ടും വികസനപ്രവർത്തനംകൊണ്ടും സാമൂഹ്യപുരോഗതി ഉറപ്പുവരുത്താൻ സഹായകരമായ നിരവധി പരിപാടികൾക്ക് രൂപം കൊടുത്തതുകൊണ്ടുമാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് 1991-ൽ അധികാരത്തിൽ വന്നതും തുടർന്ന് ഭരിച്ചിട്ടുള്ളതും. 100 കോടി രൂപയുടെ കടബാദ്ധ്യതയോടുകൂടി അധികാരത്തിൽവന്ന ഗവൺമെൻറ് 1993-94 കാലഘട്ടത്തിൽ 9.97 കോടി രൂപ മിച്ചം ഉണ്ടാക്കി. ഈ മിച്ചത്തോടുകൂടിയിട്ടാണ് 1994-97-ൽ അഞ്ചു വർഷത്തെ ബഡ്ജറ് അവതരിപ്പിച്ചത്. നിർമ്മാണ-വികസന പ്രവർനത്തങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly